## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3075 — 18-06-2019 -ൽ മറുപടിക്ക്

## ദുരന്ത നിവാരണത്തിന പരിശീലനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ദുരന്തനിവാരണത്തിനായി പുതിയ പ്രോട്ടോക്കോളും സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രോസീജ്യറും ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ്ഗ രേഖയും, സംസ്ഥാനത്ത് Incident Response System വും താലൂക്ക് തലം വരെ 09.05.2019 ലെ സ.ഉ.(സാധാ) നം.280/ 19/ഡി.എം.ഡി. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും, 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങിനെ നേരിടണം എന്നും നിർദേശം നല്കിയിട്ടുണ്ട്. 8 അദ്ധ്യായങ്ങളുള്ള കൈപ്പുസ്തകം മുൻ അനുഭവങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ തയ്യാറാക്കപ്പെട്ട മാർഗ്ഗ നിർദേശ രൂപരേഖയാണ്. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെയും മറ്റ് സ്വകാര്യ കാലാവസ്ഥ സംരംഭങ്ങളുടേയും 2019 ലെ മൺസൂൺ പ്രവചനത്തിന്റെ വിശകലനത്തോടെ ആരംഭിക്കുന്ന കൈപ്പുസ്തകം, വിവിധ കാലാവസ്ഥ മുന്നറിയിപ്പുകളും അവ മനസ്സിലാക്കേണ്ട രീതികളും കൈക്കൊള്ളേണ്ട നടപടികളും |

| | | | |
|---|---|---|---|
| | | | വിശദീകരിക്കുന്നു. അംഗീകൃത ദുരന്തങ്ങളേയും മഴക്കാലത്ത് സംസ്ഥാനത്ത് ഉണ്ടാകുവാൻ സാധ്യതയുള്ള ദുരന്തങ്ങളെയും പരിചയപ്പെടുത്തുന്ന കൈപ്പുസ്തകം സംസ്ഥാന അടിയന്തര ഘട്ട കാര്യനിർവഹണ കേന്ദ്രം, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഡി.ഇ.ഒ.സികൾ, കേന്ദ്ര ഏജൻസികൾ, രക്ഷാ സേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവർ ദുരന്തങ്ങൾക്ക് മുന്നേയും ദുരന്ത സമയത്തും സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി നിർദ്ദേശിക്ക പ്പെട്ടിരിക്കുന്നു. |
| ബി) | ദുരന്തം ഉണ്ടാകുന്ന സാഹചര്യത്തിൽ അത് കൈകാര്യം ചെയ്യുന്നതിന് വിവിധ വകുപ്പുകൾക്ക് ഉള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | ഓഖി ദുരന്തവും പ്രളയവും നൽകിയ അനുഭവപാഠങ്ങളിൽ നിന്നും ഭാവിയിൽ ഇത്തരം ദുരന്തങ്ങളുണ്ടായാൽ അതിനെ നേരിടുന്നതിനുള്ള മുൻകരുതൽ സ്വീകരിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ടോ? | സി) | അതത് മേഖലയിലെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാൻ ഉള്ള പ്രാഗൽഭ്യം അതത് വകുപ്പുകളിൽ തന്നെ ഉണ്ടാക്കേണ്ടതുണ്ട്. ഈ ആവശ്യത്തിനായി വകുപ്പുതല ദുരന്ത നിവാരണ പദ്ധതികളും ആവശ്യമാണ്. ദുരന്ത നിവാരണ നിയമം പരിഗണിച്ചും, ഐ.ടി വകുപ്പിന്റെ വിജയകരമായ അനുഭവത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടും സംസ്ഥാനത്ത് 26 വകുപ്പുകളിൽ ദുരന്ത നിവാരണത്തിനായി ദുരന്ത നിവാരണ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി (വേർച്ച്വൽ കേഡർ) സംവിധാനം രൂപീകരിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ പദ്ധതി നിഷ്കർഷിക്കുന്നു. ദുരന്ത നിവാരണം എന്നത് ഒരു ബഹുസ്വഭാവ വിഷയം ആയതിനാൽ ദുരന്ത നിവാരണം മുഖ്യധാരാവല്ക്കരിക്കുന്നതിന് ഇത്തരത്തിൽ എല്ലാ വകുപ്പുകളിലും ശാക്തീകരണം ആവശ്യമാണ്. അവരവരുടെ വകുപ്പിൽ |

| | | | |
|---|---|---|---|
| | | | ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ചുമതല ഇവരിലൂടെ നിർവ്വഹിക്കുവാൻ സാധിയ്ക്കും. വേർച്ച്വൽ കേഡർ സംവിധാനത്തിലൂടെ ആണ് സംസ്ഥാന, ജില്ലാ അതോറിറ്റികൾ ദീർഘകാല അടിസ്ഥാനത്തിൽ ദുരന്ത നിവാരണ പ്രവർത്തനം മുഖ്യധാരാ വല്കരിക്കുവാൻ ഉദ്ദേശിക്കുന്നത്.<br>26 വകുപ്പിലും 15 പേരടങ്ങുന്ന ഒരു വെർച്ച്വൽ കേഡർ രൂപീകരിക്കുവാൻ 25.11.2017 തീയതിയിലെ സ.ഉ.(സാധാ)നം.56/2017/ഡി.എം.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 20 വർഷമെങ്കിലും സർവീസ് ബാക്കിയുള്ള ഉദ്യോഗസ്ഥരിൽനിന്നും സമ്പൂർണമായി സന്നദ്ധതയുടെ അടിസ്ഥാനത്തിൽ മാത്രം മുന്നോട്ടുവരുന്നവരെ ആണ് ഈ കേഡറിൽ ഉൾപ്പെടുത്തുന്നത്. പ്രസ്തുത കേഡറിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്ക് വിപുലമായ വിദഗ്ദ്ധ പരിശീലനം നൽകുവാനും ആരംഭിച്ചിട്ടുണ്ട്.<br>ലാൻഡ് റവന്യു വകുപ്പിലെ വേർച്ച്വൽ കേഡർ ഉദ്യോഗസ്ഥർക്കായി ദേശീയ അടിയന്തിരഘട്ട പരിപാലന വിവര ശേഖരണ സംവിധാനം സംബന്ധിച്ച പരിശീലനം 14-12-2018-ന് നടത്തി. തുടർന്ന് ഈ ഉദ്യോഗസ്ഥരെ ദേശീയ പരിശീലനങ്ങൾക്കും അയക്കുവാൻ ആരംഭിച്ചു. 2018-19 ൽ 8 വകുപ്പുകളിൽ (Irrigation-Minor, Agriculture, Kerala Water Authority, Land Revenue, Animal Husbandry, Health, KSEB, Fisheries) ദുരന്ത നിവാരണ വേർച്ച്വൽ കേഡർ രൂപീകരിച്ച് പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി പരിശീലന ആവശ്യകതാ പഠനം |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. വകുപ്പ് തല പരിശീലന പുസ്തകം, പരിശീലന കലണ്ടർ എന്നിവ ഉണ്ടാക്കുകയും ചെയ്യും. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 8 വകുപ്പുകളുടെ 2 യോഗം ഏപ്രിൽ, മെയ് മാസത്തിൽ നടത്തി. |

സെക്ഷൻ ഓഫീസർ